(ഇ)	2000-01	2001-02	2002-03
വരവ്	0.48	5.95	3.58
ചെലവ്	6.33	9.34	6.60
ലാഭ-നഷ്ടം	5.86	3.39	3.02

മറൈൻ-ഫ്രഷ് വാട്ടർ അക്വേറിയങ്ങൾ

47 (3988) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സ്ഥാപിച്ചിട്ടുള്ള മറൈൻ-ഫ്രഷ് വാട്ടർ അക്വേറിയങ്ങൾ എവിടെയൊക്കെയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് ; ഇവയുടെ പരിപാലനത്തിനായി ഓരോവർഷവും എന്ത് തുക ചെലവാകുന്നുണ്ട് ; ഇവയിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന വരുമാനം എത്രയാണ് ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇത്തരം ഏതെങ്കിലും അക്വേറിയം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇവ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സമുദ്രജൈവ വൈവിധ്യ പഠനങ്ങൾക്ക് ഏറെ സഹായകമായുള്ള മറൈൻ അക്വേറിയങ്ങൾ പരിപാലിക്കാനും, പുതിയവ സ്ഥാപിക്കാനും എന്തെല്ലാം നടപടികളാണ് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളതെന്നുകൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ പാലക്കാട് ജില്ലയിൽ മലമ്പുഴയിൽ ഫ്രഷ് വാട്ടർ അക്വേറിയം പ്രവർത്തിക്കുന്നുണ്ട്. മലമ്പുഴ ഫ്രഷ് വാട്ടർ അക്വേറിയത്തിന്റെ പരിപാലനത്തിനായി 1-4-2002 മുതൽ 31-3-2003 വരെ 5,15,179 രൂപ ചെലവ് വന്നിട്ടുണ്ട്. ഇക്കാലത്ത് 8,85,738 രൂപ വരവ് ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) അക്വേറിയങ്ങളുമായി ബന്ധപ്പെട്ട ജല വൈവിധ്യ പഠനങ്ങൾക്കും അലങ്കാര മത്സ്യങ്ങളുടെ വിപണനസൗകര്യം വിപുലപ്പെടുത്തുന്നതിനുമായി ഒരു അക്വാപാർക്ക് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

അലങ്കാര മത്സ്യകൃഷിക്കാർക്ക് സഹായപദ്ധതികൾ

48 (3989) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലങ്കാര മത്സ്യങ്ങൾ വളർത്തുന്ന തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് എന്തെല്ലാം സഹായപദ്ധതികളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly